പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2199 — 18-06-2013 -ൽ മറുപടിക്ക്.

## സാഫല്യം ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) 1. ഇന്നൊവേറ്റീവ് ഭവന പദ്ധതി<br>2. സർക്കാർ ഭൂമിയിൽ ജീവനക്കാർക്കുള്ള ഭവന പദ്ധതി<br>3. സാഫല്യം ഭവന പദ്ധതി.<br>4.കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി.<br>5. പാരസ്പര്യ പദ്ധതി (ഫ്ലാറ്റുകൾ)<br>6.എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി.<br>7. സുരക്ഷാ ഭവന പദ്ധതി.<br>8. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ.<br>(വിശദാംശങ്ങൾ അനുബന്ധം - I - ൽ) |
| (ബി) ഇവയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) വിശദാംശം അനുബന്ധം II -ൽ |
| (സി) സാഫല്യം ഭവന നിർമ്മാണ പദ്ധതിയ്ക്ക് എത്ര സ്ഥലം ബോർഡിന് ലഭ്യമായിട്ടുണ്ടെന്നും ഈ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ? | (സി) ബോർഡിന്റെ കൈവശമുള്ള രാജീവ് ദശലക്ഷം പാർപ്പിട ഭൂമിയിൽപ്പെട്ട 718.63 സെൻറ് വിസ്തീർണ്ണമുള്ള സ്ഥലത്ത് സാഫല്യം ഭവന പദ്ധതി നടപ്പിലാക്കുന്നതിന് ലഭ്യമായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം ലഭിച്ച ഒരു കോടി രൂപയും , 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപയുമാണുള്ളത്. ഈ തുക |

വിനിയോഗിച്ച് ആദ്യ ഘട്ടമായി താഴെക്കാണും പ്രകാരം പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

| | |
|---|---|
| അകലക്കുന്നം (കോട്ടയം) | 48 ഫ്ലാറ്റുകൾ |
| ചാത്തന്നൂർ (കൊല്ലം) | 48 ഫ്ലാറ്റുകൾ |
| പുതുക്കാട് (തൃശൂർ) | 72 ഫ്ലാറ്റുകൾ |
| ചേളന്നൂർ(കോഴിക്കോട്) | 66 ഫ്ലാറ്റുകൾ |
| തിരുവാലി (മലപ്പുറം) | 60 ഫ്ലാറ്റുകൾ |
| ആകെ | 294 ഫ്ലാറ്റുകൾ |

ഇതിൽ പുതുക്കാട്, ചേളന്നൂർ, തിരുവാലി എന്നീ പദ്ധതികൾക്ക് ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചാത്തന്നൂർ പദ്ധതിക്കു വേണ്ടി ദർഘാസുകൾ ക്ഷണിക്കുകയും വർക്ക് അറേഞ്ചു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

1. ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗരങ്ങളിൽ ജോലിചെയ്യുകയും എന്നാൽ നഗരാതിർത്തിക്ക് പുറത്ത് താമസിക്കുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് (ബി.പി.എൽ വിഭാഗം) നഗരത്തിൽ താമസ സൗകര്യം ഒരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് നൽകുന്ന പദ്ധതി.

2. സർക്കാർ ഭൂമിയിൽ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ജീവനക്കാർക്ക് ക്വർട്ടേഴ്സായി അലോട്ട്ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതി.

3. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി.

4. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസപദ്ധതി

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീടുകൾ നിർമ്മിക്കുന്ന പദ്ധതി.

5. പാരസ്പര്യ പദ്ധതി (ഫ്ലാറ്റുകൾ)

ബോർഡിൻെറ ഉടമസ്ഥയിലുള്ള ഭൂമിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റുകളുടെ വിൽപ്പന വില ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി സ്വീകരിച്ചുകൊണ്ട് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഫ്ലാളാറ്റ് നിർമ്മാണ പദ്ധതികൾ.

6. എം.എൻ.ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി

ഈ പദ്ധതി പ്രപകാരം 1972-76 കാലഘട്ടത്തിൽ നടപ്പിലാക്കിയ ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി ഇപ്പോൾ ജനറൽ വിഭാഗത്തിന് 75,000/- രൂപയും എസ്.സി. വിഭാഗത്തിന് 1,00,000/- രൂപയും എസ്.റ്റി. വിഭാഗത്തിന് 1.25 ലക്ഷം രൂപയും സർക്കാർ സബ്സിഡിയായി നൽകി വരുന്നു. ടി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിലേയ്ക്കായി ബോർഡ് സർക്കാർ സബ്സിഡി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.

7. സുരക്ഷാ ഭവന പദ്ധതി

ഈ പദ്ധതി പ്രകാരം സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തം ഭൂമിയിൽ വീടുപണി പൂർത്തികരിക്കുന്നതിന് 25,000/- രൂപ സബ്സിഡി ബോർഡ് മുഖാന്തിരം ലഭ്യമാക്കുന്നു.

8. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി വനിതാ ജീവനക്കാർക്ക് മിതമായ വാടക നിരക്കിൽ താമസ സൗകര്യം ഒരുക്കുന്ന പദ്ധതിയാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

1. ഇന്നൊവേറ്റീവ് ഭവന പദ്ധതി

ഈ പദ്ധതി പ്രകാരം തിരുവനന്തപുരത്ത് പൂജപ്പുരയിൽ 2 ഘട്ടങ്ങളായി 40 ഫ്ലാറ്റുകളും എറണാകുളം കാക്കനാട്ട് 36 ഫ്ലാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ 24 ഫ്ലാറ്റുകളും(ആകെ 100 യൂണിറ്റ്) ഇതിനകം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തൃശ്ശൂർ കുട്ടനെല്ലൂരിൽ 2-ഉം 3-ഉം ഘട്ടങ്ങളിലായി 48 ഫ്ളാറ്റുകളുടെയും കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമായി 1-ഉം 2-ഉം ഘട്ടങ്ങളിലായി 40 ഫ്ലാറ്റുകളുടെയും (ആകെ 88 യൂണിറ്റ്) നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് പൂജപ്പപുരയിൽ 3-ാം ഘട്ടമായി 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.

2. സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

ടി പദ്ധതി പ്രകാരം കാസർഗോഡ് 1-ഉം 2-ഉം ഘട്ടങ്ങളിലായി 24 ഫ്ലാറ്റുകളുടെയും ഇടുക്കി ദേവികുളത്ത് 2-ാം ഘട്ടമായി 12 ഫ്ലാറ്റുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

3. സാഫല്യം ഭവന പദ്ധതി പദ്ധതി

ഈ പദ്ധതി പ്രകാരം 8 ജില്ലകളിലെ 10 പഞ്ചായത്തുകളിലായി 900 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൻെറ ആദ്യഘട്ടമായി 5 ജില്ലകളിലെ അഞ്ച് പഞ്ചായത്തുകളിലായി 294 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡയറക്ട് എക്സിക്യൂഷൻ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

4. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസപദ്ധതി
(കോഴിക്കോട് ശാന്തിനഗർ മാതൃകാഗ്രാമം)

ഈ പദ്ധതിയിലെ ആദ്യഘട്ട പുനരധിവാസ നിർമ്മാണ പദ്ധതി പ്രകാരം 218 വീടുകൾ നിർമ്മിക്കുകയും 184 വീടുകളുടെ താക്കോൽ കൈമാറുകയും ചെയ്തു. രണ്ടാംഘട്ടമായ 115 വീടുകൾ പുനർനിർമ്മിക്കുന്നതിനും 25 വീടുകൾ അറ്റകുറ്റപ്പണികൾക്കുവേണ്ടിയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

5. പാരസ്പര്യ പദ്ധതി (ഫ്ലാറ്റുകൾ)

ഈ പദ്ധതി പ്രകാരം തിരുവനന്തപുരത്ത് കവടിയാർ ഹൈറ്റ്സ് പദ്ധതിയിൽ 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ തിരുവനന്തപുരത്ത് അമ്പലനഗറിൽ 68 ഫ്ലാറ്റുകളും കൊച്ചിപനമ്പിള്ളി നഗറിൽ 32 ഫ്ലാറ്റുകൾ അടങ്ങുന്ന ഫ്ളാറ്റ് സമുച്ചയത്തിന് അംഗീകാരം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

6. എം.എൻ.ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി

ഈ പദ്ധതി പ്രകാരം 12625 വീടുകളുടെ പുനർനിർമ്മാണത്തിനായി 53.56 കോടിരൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇതിൽ 8030 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 6315 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആകെ 518 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടിപദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

7. <u>സുരക്ഷാ ഭവന പദ്ധതി</u>

ഈ പദ്ധതി പ്രകാരം നാളിതുവരെ 5407 വീടുകൾക്കായി 5.65 കോടിരൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 3344 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

8. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ</u>

തൊടുപുഴ-മുട്ടം, കോട്ടയം-ഗാന്ധിനഗർ, എറണാകുളം-കാക്കനാട്, തൃശ്ശൂർ-പുല്ലഴി എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പുതുതായി ഇടുക്കി-കട്ടപ്പന, കോഴിക്കോട് -മെഡിക്കൽകോളേജ്, തൊടുപുഴ-മുട്ടം(അഡീഷണൽ ബ്ലോക്ക്) എന്നിവിടങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ